**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 359** **04-10-2021 - ൽ മറുപടിയ്ക്ക്**

**ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | മുനിസിപ്പൽ കോമൺ സർവ്വീസ്, പഞ്ചായത്ത് എന്നീ വകുപ്പുകൾക്കായി യഥാക്രമം 1972, 1994 വർഷങ്ങളിൽ പുറപ്പെടുവിച്ച സ്പെഷ്യൽ റൂളുകൾ ഇനിയും പരിഷ്കരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് രൂപീകരണ പ്രകാരമുള്ള കരട് സ്പെഷ്യൽ റൂളിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ നിയമനത്തിനുള്ള യോഗ്യതകളിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വകുപ്പുകളിലെ ജെ. എച്ച്. ഐ. തസ്തികയുടെ യോഗ്യതയായിപ്പറയുന്ന കോഴ്സുകൾ ഒന്നും നിലവിൽ സംസ്ഥാന സർക്കാർ നടത്തുന്നില്ലെന്നതും ആരോഗ്യ വകുപ്പ് പതിനാറ് വർഷമായി നടത്തുന്ന 'ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ' കോഴ്സ് ഇതിനായുള്ള യോഗ്യതയായി ഉൾപ്പെട്ടിട്ടില്ലെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് രൂപീകരണ പ്രകാരമുള്ള കരട് സ്പെഷ്യൽ റൂളിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ നിയമനത്തിനുള്ള യോഗ്യതകളിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | മികച്ച യോഗ്യതയുള്ളവർ ഇത്തരം പ്രധാന തസ്തികകളിൽ നിന്നും ഒഴിവാക്കപ്പെടുന്നത് തടയുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഏകീകൃത സ്പെഷ്യൽ റൂൾ അടിയന്തരമായി വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | കരട് സ്പെഷ്യൽ റൂൾ അംഗീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ഡി) | മുനിസിപ്പൽ കോമൺ സർവീസ്, പഞ്ചായത്ത് എന്നീ വകുപ്പുകളിലെ ജെ. എച്ച്. ഐ. തസ്തികയുടെ നിയമനത്തിനുള്ള യോഗ്യതയായി ആരോഗ്യ വകുപ്പിന്റെ 'ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ' കോഴ്സും പരിഗണിക്കുന്നതിനായുള്ള തീരുമാനം സർക്കാർ തലത്തിൽ ഉണ്ടായിട്ടുണ്ടോ;<br>അറിയിക്കുമോ? | (ഡി) | തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് രൂപീകരണ പ്രകാരമുള്ള കരട് സ്പെഷ്യൽ റൂളിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ നിയമനത്തിനുള്ള യോഗ്യതകളിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ